*റിപ്പോർട്ട് നമ്പർ: 1.1 (81-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിന്റെ നടപടിക്രമം)*

# കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല

## മിനിറ്റ്സ്, 81-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗം

തീയ്യതി : **28** ജനുവരി **2023**, സമയം : രാവിലെ **10.30** മണി
വേദി: പെരിയാർ ഹാൾ, വെറ്ററിനറി & അനിമൽ സയൻസസ് കോളേജ്, പൂക്കോട്, വയനാട്.
(ഫയൽ നമ്പർ: കെ.വി.എ.എസ്.യു./ജി.എ.-ബി1/592/2022)

**ഹാജരായ അംഗങ്ങൾ:**

1. ഡോ. എം.ആർ. ശശീന്ദ്രനാഥ്, വൈസ് ചാൻസലർ - അദ്ധ്യക്ഷൻ
2. ശ്രീ. വാഴൂർ സോമൻ, എം.എൽ.എ. (മാനേജ്മെന്റ് കൗൺസിലിലെ എം.എൽ.എ. പ്രതിനിധി)
3. ശ്രീ. എൻ. ഗോപകുമാർ, അഡീഷണൽ സെക്രട്ടറി - ധനകാര്യ വിഭാഗം പ്രതിനിധി
4. ഡോ. സജിത്ത് പുരുഷോത്തമൻ (മാനേജ്മെന്റ് കൗൺസിലിലെ അദ്ധ്യാപക പ്രതിനിധി)
5. ഡോ. ലീബ ചാക്കോ (മാനേജ്മെന്റ് കൗൺസിലിലെ അദ്ധ്യാപക പ്രതിനിധി)
6. ശ്രീ. തോമസ്. കെ.കെ. (മാനേജ്മെന്റ് കൗൺസിൽ പ്രതിനിധി)
7. ഡോ. പി. സുധീർ ബാബു, രജിസ്ട്രാർ - മെമ്പർ സെക്രട്ടറി

**സാന്നിധ്യം:**

1. ഡോ. സി. ലത, ഡയറക്ടർ (അക്കാദമിക്സ് & റിസേർച്ച്)
2. ഡോ. രാജീവ്. ടി.എസ്., ഡയറക്ടർ (സംരംഭകത്വ വിജ്ഞാന വ്യാപന വിഭാഗം)
3. ഡോ. എസ്.എൻ. രാജ്കുമാർ, ഡീൻ, സി.ഡി.എസ്.റ്റി., മണ്ണുത്തി.
4. ശ്രീ. ബാബുരാജ്. കെ.പി. - ഡയറക്ടർ (ഇൻ-ചാർജ്ജ്), ഐ.ഡി. വിംഗ്
5. ശ്രീമതി. ഷൈല. പി.എസ്., സർവ്വകലാശാലാ ലോ ഓഫീസർ
6. ശ്രീ. മനോജ്. ടി.ആർ. ഫിനാൻസ് ഓഫീസർ (ഇൻ ചാർജ്ജ്)

യോഗം 10.30 മണിക്ക് ആരംഭിച്ചു. അദ്ധ്യക്ഷൻ എല്ലാ അംഗങ്ങളേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. തുടർന്ന്, അടുത്ത കാലത്ത് സർവ്വകലാശാലക്ക് ലഭിച്ച പ്രധാന നേട്ടങ്ങളും സർവ്വകലാശാലയുടെ പ്രവർത്തനങ്ങളും ചെയർ യോഗത്തെ അറിയിച്ചു. ആയത് ചുവടെ കൊടുക്കുന്നു.

- ഭുവനേശ്വറിൽ വച്ചു നടന്ന IAAVP കോൺഫറൻസിൽ ഡോ. ബിന്ദു ലക്ഷ്മൺ Sri. S.M. Ismayil Award 2022 കരസ്ഥമാക്കി. (For her work in Veterinary Helminthology)

- IAVHPHS-ൽ വിവിധ വിഭാഗങ്ങളിൽ സർവ്വകലാശാലാ നിരവധി അവാർഡുകൾ കരസ്ഥമാക്കി.
  - ✓ ഡോ. വൃന്ദ മേനോൻ, ഡോ. ദീപ ജോളി, ഡോ. സൂര്യ ശങ്കർ (Best Oral Presentation)
  - ✓ ഡോ. സി. ലത (Best research paper published in JVPH 2019)
  - ✓ ഡോ. ദീപ്തി വിജയ് (Best thesis award)
  - ✓ ഡോ. രാധിക. എൻ. & ഡോ. ഹരിഹരൻ. ആർ (Student travel grant award)
  - ✓ ഡോ. ഹേമ പെർസിസ് ആൻഡ്രൂസ് (Poster presentation award)

- 2022 വർഷിലെ ഐ.സി.എ.ആർ. പി.ജി. എൻട്രൻസ് പരീക്ഷയിൽ മികച്ച റാങ്കുകൾ സർവ്വകലാശാലയിലെ വിദ്യാർത്ഥികൾ കരസ്ഥമാക്കി.
- VCRI നാമക്കലിൽ നടന്ന ISVPT 2022 ൽ സർവ്വകലാശാലാ ഫാർമക്കോളജി വിഭാഗം ചുവടെ പറയുന്ന അവാർഡുകൾ കരസ്ഥമാക്കി.
  - ✓ Dr. Shankar R. – Anjaria award (Title award with cash Prize)
  - ✓ Dr. Sujarani – Nutraceuticals oral session (First Prize)
  - ✓ Dr. Harisankar V.J – Pharmacokinetics oral session (First Prize)
  - ✓ Dr. Arundhathy S Nair – Animal welfare/GLP in silico oral session (First prize)
  - ✓ Dr. Aparna S. Sivapriya – Antimicrobiologicals and AMR poster (First prize)
  - ✓ Dr. Divya Rajaselvi N – Antimicrobials and AMR oral session (First prize)

- മധുരയിൽ വച്ചു നടന്ന IPSACON 2022 -ൽ സർവ്വകലാശാലാ അക്കാദമിക് & റിസർച്ച് വിഭാഗം മുൻ ഡയറക്ടർ ആയിരുന്ന ഡോ. എ.ജലാലുദ്ദീന് Indian Poultry Science Associations Lifetime Achievement Award 2022 ലഭിച്ചു.
- മധുരയിൽ വച്ചു നടന്ന IPSACON 2022 -ൽ ഡോ. അശ്വതി. പി.ബി., അസി. പ്രൊഫസർ, പൗൾട്രി സയൻസ്-ന് Young scientist award ലഭിച്ചു.
- ജബൽപൂരിൽ വച്ചു നടന്ന Assisted Reproductive National Conference-ൽ ഡോ. അഭിലാഷ്. ആർ.എസ്. Best oral presentation award കരസ്ഥമാക്കി.
- മേഘാലയയിൽ വച്ചു നടന്ന IAVPHS Conference -ൽ ഡോ. സി. ലത A T Sherikar Lifetime achievement award കരസ്ഥമാക്കി.
- ഇന്ത്യൻ വെറ്ററിനറി അസോസിയേഷന്റെ സംസ്ഥാനതലത്തിലെ മികച്ച അദ്ധ്യാപികക്കുള്ള അവാർഡ് ഡോ. എസ്.മായ (CoVAS Pookode) കരസ്ഥമാക്കി.
- സർവ്വകലാശാലാ മീറ്റ് പ്ലാന്റ് ISO 22000 Certificate കരസ്ഥമാക്കി.
- സർവ്വകലാശാലയുടെ എൽ.ആർ.എസ് തിരുവിഴാംകുന്നിൽ ഫാം ഡേ **പൊലിമ @ 2023** 13/01/2023 തീയതിൽ വിപുലമായി സംഘടിപ്പിച്ചു. വൈസ് ചാൻസലറും സർവ്വകലാശാലാ ഓഫീസർമാരും പങ്കെടുത്ത പരിപാടിയോടനുബന്ധിച്ച് തൊഴിലാളികൾക്കായുള്ള തുടർ നൈപുണ്യ പരിശീലന പരിപാടി, റിവോൾവിംഗ് ഫണ്ട് പ്രോജക്ട്, കാർഷിക സെമിനാർ, പ്ലാൻ പദ്ധതികളുടെ ഉദ്ഘാടനം എന്നിവ നടത്തി.
- സംസ്ഥാന കാർഷിക-കർഷകക്ഷേമ വകുപ്പും, കേരള കാർഷിക സർവ്വകാലശാലയും സംയുക്തമായി അമ്പലവയൽ പ്രാദേശിക ഗവേഷണ കേന്ദ്രത്തിൽ വച്ചു നടത്തിയ **അന്താരാഷ്ട്ര പുഷ്പമേള – പൂപ്പൊലി 2023** -ൽ സർവ്വകലാശാലാ പങ്കെടുക്കുകയും ഗവൺമെന്റ് തലത്തിലെ മികച്ച സ്റ്റാളായി സർവ്വകലാശാലയുടെ സ്റ്റാൾ തിരഞ്ഞെടുക്കുകയും ചെയ്തു.

- ISVS യുടെ വാർഷിക കോൺഗ്രസ് നാഗ്പൂരിൽ നടന്നു. ഡോ.സുധീഷ്.എസ്. നായർ Best oral presentation-നുള്ള സ്വർണ്ണമെഡലിന് അർഹനായി.

- Cadet **Densil Mariya Astride Paramveer** won Gold medal in Veteran girls hacks Competition at RDC (Republic day Camp).

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 1.1 | 30/11/2022 – ന് നടന്ന 80–ാമത് ഭരണസമിതി യോഗത്തിന്റെ മിനിറ്റ്സ് അംഗീകാരത്തിനായി സമർപ്പിക്കുന്നത്. | ഇനം നം. 3.4–ൽ അസിസ്റ്റന്റ് ലൈബ്രേറിയൻ തസ്തികയിൽ സ്റ്റാറ്റ്യൂട്ട് അനുസരിച്ച് യു.ജി.സി. റെഗുലേഷൻസ് 2018 പ്രകാരം നേരിട്ടുള്ള നിയമനം നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമാണ് നടപടികൾ സ്വീകരിക്കേണ്ടതെന്ന് അഭിപ്രായപ്പെട്ടിരുന്നത് മിനുട്സിൽ രേഖപ്പെടുത്തണമെന്ന് ബഹു. അംഗം ശ്രീ. എൻ. ഗോപകുമാർ, അഡീഷണൽ സെക്രട്ടറി (ഫിനാൻസ്) അഭിപ്രായപ്പെട്ടു. ഈ അഭിപ്രായം കൂട്ടിച്ചേർക്കുന്നതിനു തീരുമാനിച്ചു.<br><br>**ഒ.എ. (2)** ഇനത്തിൽ, ഉന്നയിച്ച വിഷയത്തിൽ സ്ഥാപന മോധാവികളുമായും ചർച്ച നടത്തും എന്ന് തീരുമാനിച്ചിരുന്നത് മിനുട്സിൽ ഉൾപ്പെടുത്തണമെന്നു ബഹു. അംഗം ഡോ. ലീബ ചാക്കോ അറിയിച്ചു. ആയതു കൂട്ടി ചേർക്കുന്നതിനു തീരുമാനിച്ചു.<br><br>മേൽ പറഞ്ഞിരിക്കുന്ന കൂട്ടിച്ചേർക്കലോടൊ മിനുട്സ് അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 1.2 | 30/11/2022 – ന് നടന്ന 80–ാമത് ഭരണസമിതി യോഗത്തിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് അംഗീകാരത്തിനായി സമർപ്പിക്കുന്നത്. | ശ്രദ്ധിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 1.3 | പൊതുഭരണം/എ4 – മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ പ്രകാശ് സി. കെയ്ക്ക് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നൽകികൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് റദ്ദ് ചെയ്ത ഉത്തരവ് പുറപ്പെടുവിച്ചത് അറിയിക്കുന്നത് – സംബന്ധിച്ച്. | ശ്രദ്ധിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 2.1 | DAR - Academic Programmes – Approval of result-Reg. | Approved and recommended to the Management Council.<br><br>*Action: DAR* |

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 2.2 | DAR – Research – University Dairy Plant, Mannuthy – Sanction accorded to sell surplus milk @5% discount to agents/ parties - ratification sought for - Reg. | Ratified.<br><br>*Action: DAR* |
| 2.3 | DAR - Academic - Instituting "Dr. Shiby Varghese K. memorial endowment award for the best outgoing B. Tech. Dairy Technology student from VKIDFT, Mannuthy"- Reg. | Point for Decision:<br>1,2 & 3 Approved.<br><br>*Action: DAR* |
| 3.1 | പൊതുഭരണം/എ3 – സർവ്വകലാശാലയിലെ അസിസ്റ്റന്റ് ലൈബ്രേറിയൻ തസ്തികയിലെ ഒഴിവുകൾ നികത്തുന്നത് - സംബന്ധിച്ച്. | അസി. ലൈബ്രേറിയൻ തസ്തികകളിലേക്കു നിയമനം സംബന്ധിച്ച സ്റ്റാറ്റ്യൂട്ട് വ്യവസ്ഥകളിൽ ഭേദഗതികൾ നടത്തുന്നതിനു നടപടികൾ സ്വീകരിക്കണമെന്നു ബഹു. അംഗം ഡോ. സജിത് പുരുഷോത്തമൻ അഭിപ്രായപ്പെട്ടു.<br><br>യു.ജി.സി. റെഗുലേഷൻ 2010 പ്രകാരം, അസി. ലൈബ്രേറിയൻ തസ്തികൾക്ക് അനദ്ധ്യാപക വിഭാഗം തസ്തികകളിൽ നിന്നും പ്രൊമോഷൻ നൽകാൻ പാടില്ല എന്നും നിഷ്കർഷിച്ചിട്ടുള്ളതാണെന്നും, ആയത് എല്ലാ സർവ്വകലാശാലകളിലേക്കും അയച്ചു നൽകിയിട്ടുള്ളതാണെന്നും, ബഹു. അംഗം ശ്രീ. എൻ. ഗോപകുമാർ, അഡീഷണൽ സെക്രട്ടറി (ഫിനാൻസ്) അറിയിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇത്തരം കാര്യങ്ങളിൽ നടപടികൾ സ്വീകരിക്കാൻ പാടുള്ളു എന്നും ബഹു. അംഗം അഭിപ്രായപ്പെട്ടു.<br><br>മറ്റു സർവ്വകലാശാലകളിൽ ഇപ്പോഴും ഇത്തരത്തിൽ പ്രൊമോഷൻ നൽകി വരുന്ന സാഹചര്യത്തിൽ, ഈ വിഷയത്തിൽ സർക്കാരിന്റെ ഉപദേശം തേടിയിട്ടുള്ളതിനു ലഭ്യമാകുന്ന മറുപടിക്കു വിധേയമായി അസിസ്റ്റന്റ് ലൈബ്രേറിയൻ തസ്തികയിലെ ഒഴിവുകൾ സ്റ്റാറ്റ്യൂട്ട് വ്യവസ്ഥകൾ പ്രകാരം താൽക്കാലിക പ്രൊമോഷൻ വഴി നികത്തുന്നതിനു തീരുമാനിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 3.2 | പൊതുഭരണം/എ3 – ശ്രീമതി. വിജയകുമാരി.എം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട) സേവനത്തിലിരുന്ന സമയത്ത് പ്രവൃത്തികൾക്കായി മുൻകൂർ സ്വീകരിച്ച തുക ക്രമീകരിക്കുന്നത് - സംബന്ധിച്ച്. | അംഗീകരിച്ചു.<br><br>ഇപ്രകാരം മുൻകൂർ തുക നൽകുന്നത് മൂന്ന് മാസത്തിനുള്ളിൽ തന്നെ ക്രമീകരിക്കുന്നുണ്ടെന്നും, സാമ്പത്തിക വർഷത്തിന്റെ അവസാന മാസത്തിലാണെങ്കിൽ, ആ മാസം 31-നു മുൻപായി തന്നെ ക്രമീകരിക്കുന്നുണ്ടെന്നു ഉറപ്പു വരുത്തണമെന്നു ബഹു. അംഗം ശ്രീ. എൻ. ഗോപകുമാർ, അഡീഷണൽ സെക്രട്ടറി (ഫിനാൻസ്) അഭിപ്രായപ്പെട്ടു. ഈ വിഷയത്തിൽ ഇത്തരം അപാകതകൾ ഭാവിയിൽ ഉണ്ടാകാത്ത തരത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതിനു യോഗം തീരുമാനിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.3 | GA/C1 - Revision of Rental Charge of Indoor Stadium of CVAS, Mannuthy – Reg. | അംഗീകരിച്ചു.<br><br>ഇൻഡോർ സ്റ്റേഡിയത്തിന്റെ പരിപാലനത്തിനും, മേൽ നോട്ടത്തിനുമായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ചും, ഓഡിറ്റോറിയത്തിന്റെ സൗകര്യങ്ങൾ വ്യക്തികൾ ഉപയോഗിക്കുമ്പോൾ ഈടാക്കേണ്ട ചാർജ്ജുകൾ സംബന്ധിച്ചും, ഒരു പ്രൊപ്പോസൽ തയ്യാറാക്കി തുടർന്നു വരുന്ന ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിൽ സമർപ്പിക്കുന്നതിനു തീരുമാനിച്ചു.<br><br>*നടപടി: രജിസ്ട്രാർ.* |
| 3.4 | GA/C2 – Legal opinion sought from Standing Council in the matter of dismissal of Dr. Smitha J P from the post of Assistant Professor - Approval - Reg. | Decided to support Dr. Smitha. J. P, if she approaches the Apex Court. Also decided to amend the KVASU statute by incorporating the provisions for Age relaxation for applicants belonging to back ward classes/caste.<br><br>*Action: Registrar* |

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 3.5 | പൊതുഭരണം/സി2 – കേസ് നമ്പർ Cc. 403/2016–ന് സർവകലാശാലക്ക വേണ്ടി ഹജരായതിനു അഡ്വ. ടി.ജെ.സുന്ദർ റാമിന് ഫീസിനത്തിൽ 14,500/- രൂപ അനുവദിക്കുന്നത്- സംബന്ധിച്ച്. | അനുമതി നൽകി.<br><br>*നടപടി: രജിസ്ട്രാർ* |
| 3.6 | GA/C1 - Proposal has been submitted to amend the delegation of powers to write off the damage caused to the University-approval – Reg. | Approved.<br><br>*Action: Registrar* |
| 3.7 | പൊതുഭരണം/സി3 – സർവ്വകലാശാലയുടെ പ്രാദേശിക പരിശീലന ഗവേഷണ സംരംഭകത്വ കേന്ദ്രം, (VUTREC) കൊയിലാണ്ടി നഗരസഭാ പരിധിയിലുള്ള വലിയമലയിൽ തുടങ്ങുന്നത് – സംബന്ധിച്ച്. | അനുമതി നൽകി.<br><br>*നടപടി: രജിസ്ട്രാർ* |
| 3.8 | പൊതുഭരണം/എ6 – താഴ്ന്ന കാറ്റഗറികളിൽ നിന്നും എൽ.ഡി.വി. ഡ്രൈവർ ഗ്രേഡ് II, ട്രാക്ടർ ഡ്രൈവർ ഗ്രേഡ് II, തസ്തികകളിലേക്ക് ആഭ്യന്തര നിയമനം വഴി തെരഞ്ഞെടുപ്പ് നടത്തുന്നത് – സംബന്ധിച്ച്. | അനുമതി നൽകി.<br><br>*നടപടി: രജിസ്ട്രാർ* |
| 3.9 | പൊതുഭരണം/എൽ.ഒ. – തൊഴിലാളി വിഭാഗം – സർവ്വകലാശാലയിലെ തൊഴിലാളികൾക്ക് പ്രസവാവധി അനുവദിക്കുന്നത് – സംബന്ധിച്ച്. | അനുമതി നൽകി.<br><br>*നടപടി: രജിസ്ട്രാർ/ലേബർ ഓഫീസർ* |
| 3.10 | പൊതുഭരണം/ബി1 - 43-ാമത് മാനേജ്മെന്റ് കൗൺസിൽ യോഗത്തിന്റെ അജണ്ടകുറിപ്പുകൾ - അംഗീകരിക്കുന്നത് - സംബന്ധിച്ച്. | അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 6.1 | ധനകാര്യ വിഭാഗം - 2022 - 23 സാമ്പത്തിക വർഷത്തെ റിവൈസ്ഡ് ബഡ്ജറ്റ് - അംഗീകരിക്കുന്നത് - സംബന്ധിച്ച്. | അംഗീകരിച്ചു മാനേജ്മെന്റ് കൗൺസിലിലേക്കു ശുപാർശ ചെയ്തു.<br><br>*നടപടി: ഫിനാൻസ് ഓഫീസർ.* |

| പ്രധാന അജണ്ടക്ക് പുറമേയുള്ള കുറിപ്പുകൾ: | | |
|---|---|---|
| **ഇനം നമ്പർ** | **വിഷയം** | **തീരുമാനം** |
| OA: 1 | DE – Distance Learning programme - Approval of the results -Reg. | Approved and recommended to the Management Council.<br><br>*Action: DE* |
| OA: 2 | ഡി.എ.ആർ. – അക്കാദ് – സർവ്വകലാശാലയുടെ കീഴിലെ കോളേജുകളലെ വിദ്യാർഥിനികൾക്ക് ആർത്തവാവധി അനുവദിക്കുന്നതു സംബന്ധിച്ച. | അനുവദിച്ചു.<br><br>*നടപടി: ഡി.എ.ആർ.* |
| OA: 3 | പൊതുഭരണം/എ3 – ഫാം സൂപ്പർവൈസർ/ സീനിയർ ഫാം സൂപ്പർ വൈസർ തസ്തികയിൽ നിന്ന് വിരമിച്ച ജീവനക്കാർ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 22313/2019, 5259/2021, 12763/2021 നമ്പറിലുള്ള അന്യായങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള 04/11/2022 തിയ്യതിയിലെ ബഹു. ഹൈക്കോടതി യുടെ വിധിന്യായം സർവ്വകലാശാലയിൽ നടപ്പാക്കുന്നത് – സംബന്ധിച്ച് . | നിർദ്ദേശങ്ങൾ അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |

രജിസ്ട്രാർ, അദ്ധ്യക്ഷനും മറ്റു അംഗങ്ങൾക്കും കൃതജ്ഞത പ്രകാശിപ്പിക്കുകയും യോഗം 12.00 മണിക്ക് അവസാനിക്കുകയും ചെയ്തു.

**(ഒപ്പ്)**
**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ**
**(അദ്ധ്യക്ഷൻ)**
*(07-02-2023 തീയതിയിൽ അംഗീകരിച്ചു.)*

**//True copy//**

**SECTION OFFICER - GA/B Section**